## സെന്റ് തെരേസാസ് കോളേജ് (ഓട്ടോണമസ്), എറണാകുളം
## (Affiliated to Mahatma Gandhi University, Kottayam)

# മലയാളം സിലബസ്

### കോമൺ കോഴ്സ്- ബി.എ, ബി.എസ്.സി, ബി.കോം (റഗുലർ),
### ബി.കോം, ബി.എസ്.സി സൈക്കോളജി (സ്വാശ്രയം)

**(സി.ബി.സി.എസ്.എസ്-2018 അഡ്മിഷൻ)**

# Members of Board of Studies 2017-18
# Department of Malayalam

| Sl.No | Name | Official Address | Designation |
|---|---|---|---|
| 1 | Dr. N.Anilkumar | Emeritus Professor, Dept. of Malayalam, University of Kerala, Thiruvanthapauram | Chairman |
| 2 | Dr.K.M Bharathan | Dept.of Cultural Heritage Studies, T.E Malayalam University, Tirur. | Expert |
| 3 | Prof. S.Usha | S.N.G. College of Legal Studies, Kollam | Expert from Industry |
| 4 | Dr.Thara K Simon | Dept.of Botany, U C College, Aluva | Alumnae |
| 5 | Dr. K.M. Anil | Department of Malayalam, University of Calicut, Thenjippalam | Sub. Expert |
| 6 | Dr.Sheeba M.Kurian | Dept.of Malayalam, Karyavattom Campus, Thiruvananthapuram | Sub. Expert |
| 7 | Dr. Saumya Baby | Dept.of Malayalam, St. Teresa's College, Ernakulam | HOD |
| 8 | Dr. Seleena K.V | Dept.of Malayalam, St.Teresa's College, Ernakulam | Member |
| 9 | Ms. Gargy R | Dept.of Malayalam, St.Teresa's College, Ernakulam | Member |

# PREFACE

As an autonomous college under Mahatma Gandhi University, St. Teresa's College has taken conscientious efforts to strengthen the curriculum by retaining all the fundamental stipulations of the University/Higher Education Council, to ensure a well-balanced Curriculum. Within the constraints of a prescribed syllabus, we have resolved to take a collective effort to create an inspiring academic culture in the institution, essential for teachers and students to access deeper knowledge and participate in its expansion and transmission. It is also to re-articulate the almost lost or forgotten fact that production and transmission of Quality Knowledge, essential for the development of students in particular and society in general, are the primary functions of any Educational Institution.

The Syllabus restructuring of 2018 aims to provide the students many opportunities to engage with authentic, real world learning. This has been evident through the significant number of new Programmes introduced at the wake of autonomy in 2014 with their integral placement opportunities. Increasingly, however, opportunities for engagement in work-based learning that can be provided through the curriculum across a range of subject areas are creating new and exciting ways to support student learning.

I acknowledge the efforts taken by the teachers in developing Programme and Course outcomes that focus on cognitive and intellectual skills of the learners ,confidence to carry out independent and scholarly research in area of professional interest to them and to position themselves globally effective cross- cultural educators .

I congratulate the efforts taken by the Principal Dr. Sajimol Augustine M. and the team for restructuring the syllabi under the leadership of Smt. Shanty B.P in a meaningful manner. Transformation is what makes St. Teresa's distinctive. Transforming lives in order to make a real impact on the local and international stage through the creation, sharing and application of knowledge. We look forward to sharing with you the outcomes of our curriculum restructuring and these resources we hope will enable you to reflect on learning gain in our own institution.

**Dr. Sr. Vinitha (Celine E)**
**Director**

# FOREWORD

Autonomy in the field of higher education implies responsibility and accountability and this in turn leads to excellence in academics and pro active governance. St Teresa's College was given autonomous status in the year 2014 and we have made a concerted attempt to maintain a high level of quality in the standard of education that we impart.

Academic autonomy has granted us the freedom to fine tune the syllabus keeping in mind the changing needs of the new generation of students. Education in the current scenario throws up a multitude of challenges and the curricula and syllabi ought to reflect the paradigm shift that has occurred in the various disciplines. Structured feedback was taken from the Students, Alumni and the experts from the industry and the changes suggested by them were duly incorporated in the syllabi.

The Board of Studies constituted for each department meet regularly in the stipulated time frame and in depth discussions are conducted about the different dimensions of the curricula and syllabi.The IQAC team has felicitated the conduct of a number of workshops and conferences to equip the faculty with the necessary skill set to frame the syllabi, set question papers for internal tests that evaluate whether the learning outcomes enlisted in the syllabus have been achieved and to ensure the fair and transparent conduct of examinations.

The responsibility that autonomy has placed on us is indeed onerous but we have strived together to meet all the challenges that were placed in our way. We have worked towards moulding young women as responsible citizens who will carry forward the task of nation building in an exemplary manner. All effort has been made to nurture their academic ambitions as well as their skills in co curricular activities.

With sincere gratitude I acknowledge the instinct support and constant guidance extended byRev. Sr. Dr. Vinitha, the Director of the College.

I specially thank the teamheaded by Smt. Shanty B. P. for updating the syllabi, the Heads of the Departments andall the faculty members for their diligence, commitment and exceptional contribution towards this endeavour.

**DR. SAJIMOL AUGUSTINE. M**

**PRINCIPAL**

## കൃതജ്ഞത

ബി.എ, ബി.എസ്.സി, ബി.കോം (റഗുലർ), ബി.എസ്.സി സൈക്കോളജി, ബി.കോം (സ്വാശ്രയം) എന്നീ കോഴ്സുകളിലേക്കുള്ള ഉപഭാഷാപഠനത്തിനു വേണ്ടിയാണ് മലയാളം സിലബസ് ക്രമീകരിച്ചിരിക്കുന്നത്. എം.ജി. യൂണിവേഴ്സിറ്റിയുടെ നവീകരിച്ച സിലബസിനെ ആധാരമാക്കി തയ്യാറാക്കിയിരിക്കുന്ന ഈ പാഠ്യപദ്ധതി 2018 മുതൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ബാധകമാണ്. കഥ, കവിത, ലേഖനം, നാടകം, സിനിമ, മറ്റു ദൃശ്യകലകൾ എന്നിങ്ങനെ സാഹിത്യത്തിന്റെ വ്യത്യസ്ത മേഖലകൾ പരിചയപ്പെടുത്താനും വായനയും ഗ്രഹണപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിനും ഈ പാഠ്യപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു.

ഡോ. എൻ. അനിൽകുമാർ (എമിരറ്റസ് പ്രൊഫസർ, കേരള യൂണിവേഴ്സിറ്റി) ചെയർമാനായിരുന്ന പഠനബോർഡിൽ ഡോ. കെ.എം. ഭരതൻ (തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി-വിഷയവിദഗ്ധൻ), പ്രൊഫ. എസ്. ഉഷ (എസ്.എൻ.ജി. കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ്), ഡോ. താര കെ. സൈമൺ (യൂ.സി. കോളേജ്, ആലുവ), ഡോ. കെ.എം. അനിൽ (കാലിക്കട്ട് യൂണിവേഴ്സിറ്റി -വിഷയവിദഗ്ധൻ), ഡോ. ഷീബാ എം. കുര്യൻ (കേരള യൂണിവേഴ്സിറ്റി-വിഷയ വിദഗ്ധ) എന്നിവർ അംഗങ്ങളാണ്. പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഇവർ ഓരോരുത്തരും നൽകിയ സംഭാവനകൾ നന്ദിപൂർവ്വം ഓർമ്മിക്കുന്നു. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ ഡോ. ജോജി അലക്സ് (അസോസിയേറ്റ് പ്രൊഫസർ, സെന്റ് തോമസ് കോളേജ്, പാലാ), എല്ലാവിധ പിന്തുണകളും നൽകുന്ന സെന്റ് തെരേസാസ് കോളേജ് ഡയറക്ടർ റവ. ഡോ. സി. വിനീത, പ്രിൻസിപ്പാൾ ഡോ. സജിമോൾ അഗസ്റ്റിൻ എന്നിവർക്കും നന്ദി. പാഠ്യപദ്ധതി പരിഷ്കരണത്തിന് മേൽനോട്ടം വഹിച്ച ശ്രീമതി ഷാന്റി ബി.പി. (അസോസിയേറ്റ് പ്രൊഫസർ, സെന്റ് തെരേസാസ് കോളേജ്, എറണാകുളം), സഹായസഹകരണങ്ങൾ നൽകിയ ഡോ. സെലീന കെ.വി., മിസ്. ഗാർഗി ആർ എന്നിവരെയും സ്നേഹപൂർവ്വം ഓർമ്മിക്കുന്നു.

**ഡോ. സൗമ്യ  ബേബി**
**അദ്ധ്യക്ഷ, മലയാളവിഭാഗം**
**സെന്റ് തെരേസാസ് കോളേജ്**
**എറണാകുളം**

# ഉള്ളടക്കം

| | | | പുറം |
|---|---|---|---|
| 1. | ആമുഖം | – | 1 |
| 2. | ഗ്രാജ്വേറ്റ് ആട്രിബ്യൂട്ട്സ്/പ്രോഗ്രാം ഔട്ട്കം | – | 1 |
| 3. | ലക്ഷ്യം | – | 1 |
| 4. | സ്കീം | – | 2 |
| 5. | മൂല്യ നിർണ്ണയം | – | 4–5 |
| 6. | കമ്പ്യൂട്ടേഷൻ ഓഫ് സി.സി.പി.എ. | – | 6–7 |
| 7. | ബി.എ/ബി.എസ്.സി.സെമസ്റ്റർ ഒന്ന് | – | 8–9 |
| | ബ്ലൂപ്രിന്റ് | – | 10 |
| | മാതൃകാ ചോദ്യപേപ്പർ | – | 11–12 |
| 8. | ബി.എ/ബി.എസ്.സി.സെമസ്റ്റർ രണ്ട് | – | 13–14 |
| | ബ്ലൂപ്രിന്റ് | – | 15 |
| | മാതൃകാ ചോദ്യപേപ്പർ | – | 16–17 |
| 9. | ബി.എ/ബി.എസ്.സി.സെമസ്റ്റർ മൂന്ന് | – | 18–19 |
| | ബ്ലൂപ്രിന്റ് | – | 20 |
| | മാതൃകാ ചോദ്യപേപ്പർ | – | 21–22 |
| 10. | ബി.എ/ബി.എസ്.സി.സെമസ്റ്റർ നാല് | – | 23–24 |
| | ബ്ലൂപ്രിന്റ് | – | 25 |
| | മാതൃകാ ചോദ്യപേപ്പർ | – | 26–27 |
| 11. | ബി.കോം. സെമസ്റ്റർ ഒന്ന് | – | 28–29 |
| | ബ്ലൂപ്രിന്റ് | – | 30 |
| | മാതൃകാ ചോദ്യപേപ്പർ | – | 31–32 |
| 12. | ബി.കോം. സെമസ്റ്റർ രണ്ട് | – | 33 |
| | ബ്ലൂപ്രിന്റ് | – | 34 |
| | മാതൃകാ ചോദ്യപേപ്പർ | – | 35–36 |

# മലയാളം സിലബസ്
# കോമൺ കോഴ്സ് - ബി.എ, ബി.എസ്.സി, ബി.കോം (റഗുലർ), ബി.എസ്.സി സൈക്കോളജി, ബി.കോം (സ്വാശ്രയം)

**ആമുഖം (Preamble)**

ബി.എ, ബി.എസ്.സി ബിരുദ വിദ്യാർത്ഥികൾക്കുവേണ്ടി കോമൺ കോഴ്സ് മലയാളത്തിൽ നാല് സെമസ്റ്ററുകളാണ് ഉള്ളത്. സാഹിത്യ പഠനത്തിൽ കഥ, കവിത, ലേഖനം, നാടകം, ആട്ടക്കഥ, തുള്ളൽ, സിനിമ എന്നീ സാഹിത്യ-കലാരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനും വായനയിലൂടെയും ചർച്ചയിലൂടെയും ഗ്രഹണപ്രാപ്തിയും വിനിമയ ശേഷിയും വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. നാലു സെമസ്റ്ററിലും കൂടി മലയാള ഭാഷയെയും സാഹിത്യരൂപങ്ങളെയും അറിയുകയും ഭാഷയുടെ വ്യാവർത്തക സ്വഭാവവും ആത്മപ്രകാശനശേഷിയും വിദ്യാർത്ഥികൾ മനസിലാക്കുകയും ചെയ്യേണ്ടതാണ്. നവസാങ്കേതികവിദ്യയിലും ഭാഷാപ്രയോഗങ്ങളിലും വിദ്യാർത്ഥികൾ നൈപുണ്യം നേടുകയും ചെയ്യണം. സാഹിത്യവും സമൂഹവും-ഭാഷയും കലയും തമ്മിലുള്ള പാരസ്പര്യവും പരിവർത്തനസ്വഭാവവും ഗ്രഹിക്കുവാൻ ഈ കോഴ്സ് വിദ്യാർത്ഥികളെ സഹായിക്കും.

ബി.കോം വിദ്യാർത്ഥികൾക്ക് രണ്ട് സെമസ്റ്ററാണ് മലയാളം പഠിക്കുന്നതിനുള്ളത്. ഈ കോഴ്സിൽ ചെറുകഥ, കവിത, ആത്മകഥ, ലേഖനം എന്നീ സാഹിത്യരൂപങ്ങളെ പരിചയപ്പെടുത്തുകയും വ്യവഹാരരൂപങ്ങൾ, കത്ത്, നിവേദനങ്ങൾ എന്നിങ്ങനെ വാണിജ്യശാസ്ത്ര വിദ്യാർത്ഥികൾക്ക് മാതൃഭാഷ ഉപയുക്തമാക്കാവുന്ന മേഖലകൾ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയുമാണ് ഉദ്ദേശിക്കുന്നത്.

**പ്രോഗ്രാം ഔട്ട്കം (Graduate Attributes)**

★ വിദ്യാർത്ഥികളിൽ ആസ്വാദന ശേഷി വളരുന്നു.
★ വിശകലനപ്രാപ്തിക്കുള്ള കഴിവു നേടുന്നു.
★ കലയും സാഹിത്യവും ജീവിതവുമായുള്ള പാരസ്പര്യം മനസിലാക്കുന്നു.
★ ആശയവിനിമയശേഷി നേടുന്നു
★ വ്യക്തിത്വവികാസവും ആത്മവിശ്വാസവും വർദ്ധിക്കുന്നു
★ സാഹിത്യത്തിലുണ്ടായ കാലികമാറ്റങ്ങൾ ഗ്രഹിക്കുന്നു.
★ ഭാഷാവിനിമയശേഷി വർദ്ധിപ്പിക്കുന്നു.

**ലക്ഷ്യം (Objectives)**

**രണ്ടാം സെമസ്റ്റർ പഠനം പൂർത്തീകരിക്കുമ്പോൾ :**

1. വായനയിലൂടെ ആസ്വാദനശേഷി വളർത്തുക
2. വിശകലനപ്രാപ്തി വളർത്തുകയും സാമൂഹികാവബോധം രൂപപ്പെടുത്തുകയും ചെയ്യുക.
3. സൗന്ദര്യാത്മകചിന്ത വളർത്തുക.
4. ചെറുകഥ, നോവൽ, കവിത എന്നിങ്ങനെ സാഹിത്യത്തിന്റെ വിവിധ രൂപങ്ങൾ പഠിക്കുകയും സാഹിത്യാഭിരുചി വളർത്തുകയും ചെയ്യുക.

**നാലാം സെമസ്റ്റർ പഠനം പൂർത്തീകരിക്കുമ്പോൾ :**

1. നവചിന്തകൾ, ആശയങ്ങൾ എന്നിവ ഗ്രഹിക്കാൻ വിദ്യാർത്ഥികളെ പര്യാപ്തരാക്കുക.
2. സാഹിത്യവും സാമൂഹ്യപരിവർത്തനവും തമ്മിലുള്ള ബന്ധം മനസിലാക്കുക.
3. ഗദ്യഭാഷയിൽ വിനിമയപ്രാപ്തി നേടുകയും സർഗ്ഗാത്മക രചനയ്ക്ക് പ്രാപ്തരാക്കുകയും ചെയ്യുക.
4. ആത്മകഥ -ജീവചരിത്രം എന്നിവയിലൂടെ മഹദ്ജീവിതങ്ങളെ മനസിലാക്കുകയും വ്യക്തിത്വവികസനം സാധ്യമാക്കുകയും ചെയ്യുക.

## സ്കീം (Scheme) :

### Scheme of Distribution of Instructional hour's for Common Courses
### B.A, B.Sc, B.Com (Regular), B.Com & B.Sc Psychology ( Self Financing)
### COMMON COURSE - MALAYALAM

| Semester | Title of the Course | Course Code | No. of Hrs. Per Week | Total Credits | Max. Marks | |
|---|---|---|---|---|---|---|
| | | | | | ISA | ESA |
| ഒന്ന് ബി.എ/ ബി.എസ്.സി., ബി.എസ്.സി. സൈക്കോളജി | കഥാസാഹിത്യം (Kathasahithyam) | MA1A01B18 | 4 | 4 | 20 | 80 |
| രണ്ട് ബി.എ/ ബി.എസ്.സി., ബി.എസ്.സി. സൈക്കോളജി | കവിത(Kavitha) | MA2A03B18 | 4 | 4 | 20 | 80 |
| മൂന്ന് ബി.എ/ ബി.എസ്.സി., ബി.എസ്.സി. സൈക്കോളജി | ദൃശ്യകലാസാഹിത്യം (Drisyakalasahithyam) | MA3A05B18 | 5 | 4 | 20 | 80 |
| നാല് ബി.എ/ ബി.എസ്.സി., ബി.എസ്.സി. സൈക്കോളജി | മലയാള ഗദ്യരചനകൾ (Malayala Gadyarachanakal) | MA4A06B18 | 5 | 4 | 20 | 80 |
| ഒന്ന് ബി.കോം. (റഗുലർ, സ്വാശ്രയം) | കഥയും കവിതയും (Kathayum Kavithayum) | MA1A02B18 | 4 | 4 | 20 | 80 |
| രണ്ട് ബി.കോം. (റഗുലർ, സ്വാശ്രയം) | ആത്മകഥ, ലേഖനം (Athmakatha, Lekhanam) | MA2A04B18 | 4 | 4 | 20 | 80 |

**കോഴ്സ് കോഡിലെ അക്ഷരങ്ങൾ സൂചിപ്പിക്കുന്നത് :**

MA > മലയാളം

1, 2, 3, 4 > അതതു സെമസ്റ്ററുകളെ സൂചിപ്പിക്കുന്നു

A > കോമൺ കോഴ്സ്

01 > കോഴ്സ് നമ്പർ - B.A/B.Sc - I Semester

02 > കോഴ്സ് നമ്പർ - B.Com - I Semester

03 > കോഴ്സ് നമ്പർ - B.A/B.Sc - II Semester

04 > കോഴ്സ് നമ്പർ - B.Com - II Semester

05 > കോഴ്സ് നമ്പർ - B.A/B.Sc - III Semester

06 > കോഴ്സ് നമ്പർ - B.A/B.Sc - IV Semester

B > Bachelor

18 - 2018 വർഷം

## മൂല്യനിർണ്ണയം (Evaluation)

മാർക്ക് അടിസ്ഥാനമാക്കിയ 7 പോയിന്റ് ഗ്രേഡിംഗ് സിസ്റ്റമാണ് (seven point grading system) സ്വീകരിച്ചിട്ടുള്ളത്. സെമസ്റ്റർ അന്തിമ-നിരന്തര മൂല്യനിർണ്ണയ അനുപാതം 80: 20 ആണ്.

| | |
|---|---|
| a) നിരന്തര മൂല്യനിർണ്ണയം (ISA) | 20 മാർക്ക് |
| b) സെമസ്റ്റർ അന്തിമ മൂല്യനിർണ്ണയം (ESA) | 80 മാർക്ക് |
| ആകെ | 100 മാർക്ക് |

### I) നിരന്തര മൂല്യനിർണ്ണയം ( In Semester Assessment)

| | |
|---|---|
| ഹാജർ | 5 മാർക്ക് |
| നിയോഗാഭ്യാസം | 5 മാർക്ക് |
| ക്ലാസ്സ് പരീക്ഷ(2 X 5) | 10 മാർക്ക് |
| ആകെ | 20 മാർക്ക് |

### II. ഹാജർ മൂല്യനിർണ്ണയം

90 % - 100 % = 5 മാർക്ക്
85 % - 90 % = 4 മാർക്ക്
80 % - 85 % = 3 മാർക്ക്
75 % - 80 % = 2 മാർക്ക്
75 % = 1 മാർക്ക്

### III. നിയോഗാഭ്യാസം

ബി.എ, ബി.എസ്.സി ഒന്നുമുതൽ നാലു സെമസ്റ്ററുകളിലും ബി.കോം ഒന്ന്, രണ്ട് സെമസ്റ്ററുകളിലും നിയോഗാഭ്യാസമാണ് മൂല്യനിർണ്ണയത്തിന് ഉപയോഗിക്കുന്നത്.

### IV. പരീക്ഷ

രണ്ട് മൂല്യനിർണ്ണയ ക്ലാസ്സ്പരീക്ഷകളുടെ ശരാശരിയാണ് പരിഗണിക്കേണ്ടത്.

## സെമസ്റ്റർ അന്തിമ മൂല്യനിർണ്ണയം ( End Semester Assessment)

ഓരോ സെമസ്റ്ററിന്റെയും അവസാനമാണ് പരീക്ഷ നടത്തുന്നത്.

**സെമസ്റ്റർ അന്തിമ മൂല്യനിർണ്ണയം**

| നൈപുണികൾ | മാർക്ക് ശതമാനം |
|---|---|
| ഓർമ്മ | 10 % |
| വിലയിരുത്തൽ | 10 % |
| പ്രയോഗം | 10% |
| മനസ്സിലാക്കൽ | 60% |
| സർഗ്ഗാത്മകത | 10% |
| ആകെ | 100% |

**ചോദ്യരീതി**

1. പരീക്ഷാസമയം മൂന്നുമണിക്കൂറാണ്.
2. ചോദ്യപേപ്പർ A, B, C എന്ന് മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.
3. A വിഭാഗത്തിൽ രണ്ടു മാർക്കിന്റെ (അര പുറത്തിൽ കവിയാതെ) പന്ത്രണ്ട് ചോദ്യങ്ങളുണ്ട്. പത്തെണ്ണത്തിന് ഉത്തരം എഴുതണം.
4. B വിഭാഗത്തിൽ ഒന്നര പുറത്തിൽ (150 വാക്ക്) കവിയാതെ ഒമ്പത് ചോദ്യങ്ങളിൽ ആറെണ്ണത്തിന് ഉത്തരം എഴുതണം. ഓരോന്നിനും അഞ്ചുമാർക്ക് വീതം.
5. C വിഭാഗത്തിൽ നാലുചോദ്യങ്ങളാണ് ഉള്ളത്. ഏതെങ്കിലും രണ്ടെണ്ണത്തിന് നാലുപുറത്തിൽ കവിയാതെ ഉത്തരം എഴുതണം. ഓരോന്നിനും 15 മാർക്ക് വീതം.

## GRADES AND COMPUTATION OF CCP

A 7-point scale based on the total percentage of marks (ISA + ESA) for all courses (theory, practical, project)

| % of marks | Grade | Grade point |
|---|---|---|
| >95 | S - Outstanding | 10 |
| 85 - 95 | $A^+$ - Excellent | 9 |
| 75 - 85 | A - Very good | 8 |
| 65 - 75 | $B^+$ - Good | 7 |
| 55 - 65 | B - Above average | 6 |
| 45 - 55 | C - Satisfactory | 5 |
| 35 - 45 | D - Pass | 4 |
| 35 | F - Failure | 0 |
| | Ab - Absent | 0 |

## CREDIT POINT AND CREDIT POINT AVERAGE

**PASS CRITERIA:**

A separate minimum of 30% marks each for internal and external (for both theory and practical) and aggregate minimum of 35% for a pass in a course

- For a pass in a programme, a separate minimum of Grade D is required for all the individual courses
- If a candidate secures F Grade for any one of the courses in a semester/programme, only F grade will be awarded for that semester/programme until he/she improves this to D Grade or above within the permitted period
- Students who complete the programme with D grade will have one betterment chance within 12 months, immediately after the publication of the result of the whole programme

**CREDIT POINT AND CREDIT POINT AVERAGE**

Credit Point (CP) of a course is calculated:

$$CP = C \times GP$$

C = Credit; GP = Grade point

Semester Grade Point Average (SGPA) of a semester:

$$SGPA = TCP/TC$$

TCP = Total Credit Point of that semester

TC = Total Credit of that semester

Cumulative Grade Point Average (CGPA) is calculated:

CGPA = TCP/TC

TCP = Total Credit Point of that programme

TC = Total Credit of that programme

**GRADE POINT AVERAGE (GPA)**

**GPA** of different category of courses viz. Common courses, Complementary courses, Core courses etc. are calculated:

GPA = TCP/TC

TCP = Total Credit Point of a category of course

TC = Total Credit of that category of course

Grades for the different courses, semesters and overall programme are given based on the corresponding GPA:

| GPA | Grade |
|---|---|
| >9.5 | S - Outstanding |
| 8.5 – 9.5 | $A^+$ - Excellent |
| 7.5 – 8.5 | A - Very good |
| 6.5 – 7.5 | $B^+$ - Good |
| 5.5 – 6.5 | B - Above average |
| 4.5 – 5.5 | C - Satisfactory |
| 3.5 – 4.5 | D - Pass |
| <3.5 | F - Failure |

* For reappearance / improvement of I, II, III & IV semesters, candidate have to appear along with the next batch.

* There will be supplementary exams for V sem in the respective academic year.

* Notionally registered candidates can also apply for the said supplementary examinations.

* A student who registers her name for the end semester assessment for a semester will be eligible for promotion to the next semester.

* A student who has completed the entire curriculum requirement, but could not register for the Semester examination can register notionally, for getting eligibility for promotion to the next semester.

* A candidate who has not secured minimum marks/credits in ISA can re-do the same registering along with the ESA for the same semester, subsequently

* There shall be no improvement for internal evaluation

**കോഴ്സ് : ബി.എ/ബി.എസ്.സി. (റഗുലർ), ബി.എസ്.സി. സൈക്കോളജി (സ്വാശ്രയം)**
**കോമൺ കോഴ്സ് - മലയാളം**

**സെമസ്റ്റർ : ഒന്ന്**
**കോഴ്സിന്റെ പേര് : കഥാസാഹിത്യം**
**കോഴ്സ് കോഡ് : MA1A01B18**
**പഠനസമയം : 72 മണിക്കൂർ**
**ക്രെഡിറ്റ് : 4**

**പഠനലക്ഷ്യങ്ങൾ**

1. സാമാന്യമായ സാഹിത്യപരിചയവും വായനാഭിരുചിയും ആസ്വാദനശേഷിയും വളർത്തിയെടുക്കുക.
2. മലയാള കഥാസാഹിത്യത്തിൽ സംഭവിക്കുന്ന ഭാവുകത്വ പരിണാമങ്ങൾ തിരിച്ചറിയുക.
3. കാലഘട്ടത്തിന്റെ പൊതുപ്രവണതകളും ഉദാത്തമായ ജീവിതവീക്ഷണവും എഴുത്തിൽ പ്രകടമാവുന്നത് അനുഭവിച്ചറിയുക.

കാലികപ്രാധാന്യമുള്ള പതിനഞ്ച് ചെറുകഥകളും ഒരു നോവലുമാണ് ഒന്നാം സെമസ്റ്റർ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഖണ്ഡം ഒന്ന് - 10 മണിക്കൂർ**
1. പൂവമ്പഴം - കാരൂർ
2. ഭൂമിയുടെ അവകാശികൾ - വൈക്കം മുഹമ്മദ് ബഷീർ

**ഖണ്ഡം രണ്ട് - 15 മണിക്കൂർ**
1. കടൽ - ടി. പത്മനാഭൻ
2. പെരുമഴയുടെ പിറ്റേന്ന് - എം.ടി. വാസുദേവൻനായർ
3. മാനാഞ്ചിറ ടെസ്റ്റ് - വി.കെ.എൻ.
4. തരിശുനിലം - മാധവിക്കുട്ടി

**ഖണ്ഡം മൂന്ന്- 15 മണിക്കൂർ**
1. ആർക്കറിയാം - സക്കറിയ
2. ഓരോ എഴുത്തുകാരിയുടെ ഉള്ളിലും - സാറാ ജോസഫ്
3. തിരുത്ത് - എൻ.എസ്. മാധവൻ
4. മോഹമഞ്ഞ - കെ.ആർ. മീര

**ഖണ്ഡം നാല്- 10 മണിക്കൂർ**
1. അഗ്നി - സിതാര എസ്.
2. ബിരിയാണി - സന്തോഷ് എച്ചിക്കാനം
3. മോദസ്ഥിരനായ് അങ്ങ് വസിപ്പൂ മലപോലെ - എസ്. ഹരീഷ്
4. സ്നേഹബഹുമാനപ്പെട്ട ആന്നാമ്മയ്ക്ക് ഗീതാലക്ഷ്മി എഴുതുന്ന കത്ത് - പ്രിയ എ.എസ്.
5. ചില സ്വപ്നങ്ങളിൽ... സീതാലക്ഷ്മിയുടെ കറുത്ത മുടിയിഴ - ഇന്ദുമേനോൻ

**ഖണ്ഡം അഞ്ച്- 22 മണിക്കൂർ**

ആടുജീവിതം - ബന്യാമിൻ

**സഹായകഗ്രന്ഥങ്ങൾ**

1. ചെറുകഥ ഇന്നലെ ഇന്ന് - എം. അച്യുതൻ
2. ചെറുകഥാപ്രസ്ഥാനം - എം.പി. പോൾ
3. ചെറുകഥ വാക്കും വഴിയും - ഡോ. കെ.എസ്. രവികുമാർ
4. നോവൽ സാഹിത്യചരിത്രം - പ്രൊഫ. കെ.എം. തരകൻ

**വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ (Competency)**

1. ആസ്വാദനശേഷി വളരുന്നു.
2. വിശകലനപ്രാപ്തി വർദ്ധിക്കുന്നു.
3. സാമൂഹികാവബോധം ഉണ്ടാകുന്നു
4. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകശേഷി വികസിക്കുന്നു.
5. ഓരോ കാലഘട്ടത്തിലുള്ള സാഹിത്യരചനകളെ മുൻനിർത്തി സാഹിത്യവും സാമൂഹ്യരൂപീകരണവും തമ്മിലുള്ള പാരസ്പര്യത്തെ അറിയുന്നു.

**BLUE PRINT**

**First Semester –B.A, B. Sc (Regular), B.Sc (Psychology)**

**Course Title : Kathasahithyam**

**Course Code : MA1A01B18**

| Module | Hours | Part A (2 Marks) 10/12 | Part B (5 Marks) 6/9 | Part C (15 Marks) 2/4 | Total Marks |
|---|---|---|---|---|---|
| I | 10 | 3 | 2 | 1 | 31 |
| II | 15 | 2 | 1 | 1 | 24 |
| III | 15 | 3 | 1 | 1 | 26 |
| IV | 10 | 1 | 2 | | 12 |
| V | 22 | 3 | 3 | 1 | 36 |

**മാതൃകാ ചോദ്യപേപ്പർ**
**സെമസ്റ്റർ ഒന്ന്**
**ബി.എ./ ബി.എസ്.സി. (റഗുലർ), ബി.എസ്.സി സൈക്കോളജി (സ്വാശ്രയം) - 2018**
**കോമൺ കോഴ്സ്-മലയാളം**
**MA1A01B18-കഥാസാഹിത്യം**

സമയം: 3 മണിക്കൂർ                                                                 മാർക്ക്: 80

**എ വിഭാഗം**

**I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും പത്തെണ്ണത്തിന് ഉത്തരം എഴുതുക**

1. 'അവരെ ഒരിക്കൽ കണ്ടിട്ടുള്ളവരൊരുത്തരും കണ്ണീർ പൊഴിക്കാതിരിക്കില്ല'- ആരെ? എന്തുകൊണ്ട്?
2. 'ആകെക്കൂടി ജീവിതം പരമസുഖമാണെന്ന് വിചാരിച്ചിരിക്കുമ്പോഴാണ്'-എന്താണ് സംഭവിച്ചത്? ചുരുക്കി പ്രതിപാദിക്കുക.
3. 'രക്ഷപ്പെടലിന്റെ ആ സന്തോഷവേളയിലും കടുത്ത ദുഃഖമാണ് എനിക്കുണ്ടായിരുന്നത്'-ആർക്ക്? എന്തുകൊണ്ട്?
4. 'ഞാൻ ചിത്രകാരനായിരിക്കുന്നതു തന്നെ എനിക്ക് രാജ്യത്തിന് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ സേവനം'- ആരുടെ വാക്കുകൾ? വിശദമാക്കുക.
5. 'എവിടെ നിങ്ങളുടെ മഹാപ്രദർശനങ്ങൾ? എവിടെ ലക്ഷങ്ങളും കൊണ്ട് ക്യൂ നിൽക്കുന്ന ആവശ്യക്കാർ? ഈ ചോദ്യത്തിന്റെ ആധാരമെന്ത്?
6. 'ലോകത്തിലെ ഏറ്റവും മഹത്തായ കണ്ടുപിടിത്തമായി എനിക്ക് അനുഭവപ്പെട്ടു'-എന്ത് സന്ദർഭം എഴുതുക.
7. 'ഒരു സാധാരണ സ്ത്രീയായി ജനിക്കുവാൻകൂടി കഴിഞ്ഞില്ലല്ലോ നിനക്ക്'-ആരെക്കുറിച്ചാണ് പരാമർശം? വിശദമാക്കുക.
8. 'ഞാനൊരു അർദ്ധരാത്രിയിലെ ശിശുവാണ്'-സന്ദർഭമെഴുതുക.
9. 'സാഹചര്യമാണ് മനുഷ്യനെ എന്തിനും പ്രാപ്തനാക്കുന്നത്-ആരുടെ വാക്കുകൾ? സന്ദർഭം വിവരിക്കുക.
10. 'ചെടികൾക്കിടയിൽ പാറിക്കിടന്ന ഒരു പത്രക്കീറിൽ അവൾ അയാളെ ഒരിക്കൽകൂടി കണ്ടു'-ആരെ? സന്ദർഭം വ്യക്തമാക്കുക.
11. 'അയാളുടെ മൂതുകത്ത് വീണുകിടന്ന ഇളംവെയിൽ വലുതായിക്കൊണ്ടിരുന്നു'-സൂചനയെന്ത്?
12. 'ഒരു കണക്കിന് പുതിയ പിള്ളേരാ ശരി'-ആരുടെ വാക്കുകൾ? സന്ദർഭം എഴുതുക

**(10X2=20)**

**ബി വിഭാഗം**

**II. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരം എഴുതുക**

13. 'ബഷീറിന്റെ പ്രപഞ്ചസ്നേഹം 'ഭൂമിയുടെ അവകാശികൾ' എന്ന കഥയെ മുൻനിർത്തി വിശദമാക്കുക.
14. 'മാറ്റിവരയ്ക്കാൻ പറ്റാത്തത് ജീവിതം മാത്രമാണ്. ഇതെളുപ്പം'-സന്ദർഭവും ആശയവും വിവരിക്കുക.
15. 'എന്റെ കാലിന്മേൽ ഒരു ചങ്ങലയുള്ളപോലെ എനിക്കു തോന്നുന്നു'-ആരുടെ അവസ്ഥ? വിശദമാക്കുക.
16. 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന ചെറുകഥയിൽ ഒരു എഴുത്തുകാരിക്ക് നേരിടേണ്ടി വരുന്ന എന്തെല്ലാം പ്രശ്നങ്ങളെയാണ് കഥാകാരി അടയാളപ്പെടുത്തുന്നത്?

17. 'പട്ടാളക്കാരനും വീട്ടുടമസ്ഥയുമായുള്ള സംഭാഷണം പോലെ വാചാലമാണ്, ഇടയ്ക്കുള്ള മൗനം'- വിശദമാക്കുക.
18. 'ആ വലിയ സന്മനസിനുപകരം ഒരു തുള്ളി കരച്ചിലാണ് ഞാൻ തിരികെ കൊടുത്തത്'-ആരുടെ വാക്കുകൾ സന്ദർഭം വിശദമാക്കുക.
19. 'തന്നെപ്പോലെ തന്റെ നാടും ബീഹാർ വിട്ടിരിക്കുന്നു'-ആരുടെ അവസ്ഥ? വിശദമാക്കുക.
20. 'അമ്മാവനോടു ഞാനിതുപറഞ്ഞാൽ ഒരു കെട്ടുകഥയെന്നുപറഞ്ഞ് പരിഹസിക്കും'-എന്ത്?
21. 'ആ കത്തല്ല, ആ കരച്ചിലായിരുന്നു എന്റെ സത്യം. ആരും വായിക്കാത്ത സത്യം'- ആരുടെ വാക്കുകൾ? സന്ദർഭം വിവരിക്കുക.

**(6x5=30)**

## സി വിഭാഗം

**III. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക?**

22. സ്ത്രീവാദ പ്രത്യയശാസ്ത്രത്തിന്റെ പ്രസക്തി 'അഗ്നി' എന്ന കഥയെ ആസ്പദമാക്കി പരിശോധിക്കുക.
23. വി.കെ.എൻ കഥകളിലെ ഹാസ്യാത്മകത 'മാനാഞ്ചിറടെസ്റ്റ്' എന്ന കഥയെ മുൻനിർത്തി വിവരിക്കുക.
24. 'പെണ്ണെഴുത്ത്-കഥാഖ്യാനത്തിൽ' വിശദമാക്കുക.
25. പ്രവാസജീവിതത്തിന്റെ ദൈന്യത വ്യക്തമാക്കുന്ന നോവലാണ് 'ആടുജീവിതം'-വിശദമാക്കുക.

**(2x15 = 30)**

## കോഴ്സ്: ബി.എ/ബി.എസ്.സി (റഗുലർ), ബി.എസ്.സി സൈക്കോളജി (സ്വാശ്രയം)
## കോമൺ കോഴ്സ് – മലയാളം

**സെമസ്റ്റർ** : രണ്ട്
**കോഴ്സിന്റെ പേര്** : കവിത
**കോഴ്സ് കോഡ്** : **MA2A03B18**
**പഠനസമയം** : 72 മണിക്കൂർ
**ക്രെഡിറ്റ്** : 4

**പഠനലക്ഷ്യങ്ങൾ**

1. സാമാന്യമായ കവിതാസാഹിത്യപരിചയവും വായനാഭിരുചിയും കാവ്യാസ്വാദനശേഷിയും വളർത്തിയെടുക്കുക.
2. മലയാള കവിതാസാഹിത്യത്തിൽ സംഭവിക്കുന്ന ഭാവുകത്വ പരിണാമങ്ങൾ തിരിച്ചറിയുക.
3. കാലഘട്ടത്തിന്റെ പൊതുപ്രവണതകളും ഉദാത്തമായ ജീവിതവീക്ഷണവും എഴുത്തിൽ പ്രകടമാവുന്നത് അനുഭവിച്ചറിയുക.

കാലികപ്രാധാന്യമുള്ള പത്തൊമ്പത് കവിതകളാണ് രണ്ടാം സെമസ്റ്റർ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഖണ്ഡം ഒന്ന് – 20 മണിക്കൂർ**
1. മാംസനിബദ്ധമല്ല രാഗം – കുമാരനാശാൻ (ലീലയിലെ 47 മുതൽ 74 വരെയുള്ള 28 ശ്ലോകങ്ങൾ)
2. സ്നേഹസുന്ദരപാതയിലൂടെ – വൈലോപ്പിള്ളി
   ‘കുടിയൊഴിക്കലി’ലെ അവസാന ഖണ്ഡം

**ഖണ്ഡം രണ്ട് – 15 മണിക്കൂർ**
1. ഒറ്റയ്ക്കിരിക്കാൻ പഠിച്ചുകഴിഞ്ഞു ഞാൻ – സുഗതകുമാരി
2. കോഴി – കടമ്മനിട്ട
3. പഴഞ്ചൊല്ലുകൾ – സച്ചിദാനന്ദൻ
4. മുള്ളൻപന്നി – കെ.ജി. ശങ്കരപ്പിള്ള

**ഖണ്ഡം മൂന്ന് – 15 മണിക്കൂർ**
1. തിരുത്ത് – പി.പി. രാമചന്ദ്രൻ
2. പിറക്കാത്ത മകന് – ബാലചന്ദ്രൻ ചുള്ളിക്കാട്
3. മൃഗശിക്ഷകൻ – വിജയലക്ഷ്മി
4. കുന്നിമണികൾ – കുഞ്ഞുണ്ണിക്കവിതകൾ

(കറന്റ് ബുക്സിന്റെ 2004 ജൂലൈ എഡിഷൻ ‘കുഞ്ഞുണ്ണിക്കവിത’കളിൽനിന്ന് 460, 463, 464, 465, 466, 469, 490, 491 ക്രമനമ്പറുള്ള കവിതകൾ)

**ഖണ്ഡം നാല് – 22 മണിക്കൂർ**
1. ആടിയാടി അലഞ്ഞ മരങ്ങളേ – അൻവർ അലി
2. കൽവീട് – വി.എം. ഗിരിജ
3. ആഴങ്ങൾ അടച്ചിട്ട പുഴ – എസ്. ജോസഫ്
4. സ്മാരകം – വീരാൻകുട്ടി
5. കുട്ടമ്മാൻ – രേണുകുമാർ

6. നാഷണൽ ജ്യോഗ്രഫി - എസ്. കണ്ണൻ
7. വാഴക്കുല - കെ.ആർ. ടോണി
8. പഴയ ചിലത് - പി.രാമൻ
9. ഗോതമ്പുശിൽപം - കവിത ബാലകൃഷ്ണൻ

**സഹായക ഗ്രന്ഥങ്ങൾ:**

1. മലയാള കവിതാസാഹിത്യചരിത്രം - ഡോ. എം. ലീലാവതി
2. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ - പ്രൊഫ. എരുമേലി പരമേശ്വരൻപിള്ള
3. ആധുനിക മലയാളസാഹിത്യം പ്രസ്ഥാനങ്ങളിലൂടെ - ജന. എഡി. ഡോ. കെ.എം. ജോർജ്ജ്
4. വർണ്ണരാജി - ഡോ.എം. ലീലാവതി
5. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള
6. കവിതയുടെ ഗ്രാമങ്ങൾ - ഇ.പി. രാജഗോപാലൻ
7. ആശാൻകവിത ആധുനികപാഠങ്ങൾ - ഡോ.പി. പവിത്രൻ
8. ആധുനികത മലയാളകവിതയിൽ - ഡോ.എൻ. അജയകുമാർ
9. പുതുകാലം പുതുകവിത - ദേവേശൻ പേരൂർ
10. മീനത്തിന്റെ മുഴക്കങ്ങൾ - എൻ. പ്രഭാകരൻ

**വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ (Competency)**

1. കാവ്യാസ്വാദനശേഷി വളരുന്നു.
2. സൗന്ദര്യാത്മക ചിന്ത വളരുന്നു.
3. വിവിധ കാവ്യശൈലിയുമായി പരിചയപ്പെടുന്നു.
4. സാമൂഹിക മുന്നേറ്റങ്ങളിൽ കവിത വഹിച്ച പങ്ക് തിരിച്ചറിയുന്നു.
5. വിവിധകാലഘട്ടം, കവി, കവിത എന്നിവയെക്കുറിച്ച് അറിവ് നേടുന്നു.
6. സർഗ്ഗാത്മകശേഷി വികസിക്കുന്നു.

# BLUE PRINT

## Second Semester –B.A, B. Sc (Regular), B.Sc (Psychology)

## Course Title : Kavitha

## Course Code : MA2A03B18

| Module | Hours | Part A (2 Marks) 10/12 | Part B (5 Marks) 6/9 | Part C (15 Marks) 2/4 | Total Marks |
|---|---|---|---|---|---|
| I | 20 | 2 | 2 | 1 | 29 |
| II | 15 | 3 | 2 | 1 | 31 |
| III | 15 | 2 | 3 | 1 | 34 |
| IV | 22 | 5 | 2 | 1 | 35 |

**മാതൃകാ ചോദ്യപേപ്പർ**
**സെമസ്റ്റർ രണ്ട്**
**ബി.എ./ ബി.എസ്.സി. (റഗുലർ), ബി.എസ്.സി സൈക്കോളജി (സ്വാശ്രയം) - 2018**
**കോമൺ കോഴ്സ്-മലയാളം**
**MA2A03B18-കവിത**

സമയം: 3 മണിക്കൂർ | മാർക്ക് 80

**എ - വിഭാഗം**

**I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും പത്തെണ്ണത്തിന് ഉത്തരം എഴുതുക**

1. "അടികളൊരു തരിമ്പു മുമ്പു നീങ്ങാ-
തുടൽ മരവിച്ചഥ കണ്ണുമന്ധമായി" - ആരുടെ അവസ്ഥ? സന്ദർഭമെന്ത്?
2. 'ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം' എന്ന പഴഞ്ചൊല്ലിനെ കവി വ്യാഖ്യാനിക്കുന്നത് എങ്ങനെ?
3. മൃഗത്തിനുള്ളിൽ ഇടയ്ക്ക് ഉണർന്നെണീക്കുന്നതാര്? എങ്ങനെ?
4. "ആരോ പണ്ട് മെനഞ്ഞ കഥയോ?
നേരോ? ഞാനറില്ലിന്നോളം സൗഖ്യം" - വിശദമാക്കുക
5. മുള്ളുകളുടെ തീവ്രവാദം നിന്നെ മത്സ്യാവതാരമല്ലാതാക്കി - ആരെ? വിശദമാക്കുക.
6. വീരാൻകുട്ടിയുടെ കവിതകളുടെ പ്രത്യേകതകൾ എന്തെല്ലാം?
7. 'മൊട്ടിലേ മുരടിച്ചുപോയ് കൊച്ചർ
അഷ്ടി കിട്ടാ, തറിവു കിട്ടാതെ' - ആശയമെന്ത്?
8. 'എന്റെ മിന്നലിനെ തരൂ' - ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?
9. 'കൽവീട്' പ്രതിനിധാനം ചെയ്യുന്ന വ്യത്യസ്ത അർത്ഥതലങ്ങൾ ചുരുക്കി എഴുതുക.
10. 'വിനീതമെങ്കിലും ധീരമായ അതിന്റെ ശ്രമം' - എന്തിനെക്കുറിച്ചാണ് പരാമർശം? വിശദമാക്കുക.
11. "എടുത്ത പുസ്തകം
തിരിച്ചു വെക്കുന്നതുപോലെ
ഓർമ്മകളിലേക്ക് തിരിച്ചുവെക്കാനാവുന്നില്ലല്ലോ" - ആരെ? സന്ദർഭമെന്ത്?
12. ഉത്തരാധുനിക കവിതകൾ - കുറിപ്പെഴുതുക.

**(10 x 2=20)**

**ബി-വിഭാഗം**

**II. ഒന്നര പുറത്തിൽ കവിയാതെ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരം എഴുതുക**

13. ലീലാമദനന്മാരുടെ അന്ത്യസമാഗമരംഗം വിവരിക്കുക.
14. ശിക്ഷകനോടുള്ള ഭയത്തിനാൽ ബന്ധിക്കപ്പെട്ട മൃഗത്തിന്റെ നിസഹായാവസ്ഥ എഴുതുക.
15. 'നാഷണൽ ജ്യോഗ്രഫി' ചാനലുകളുടെ ചിത്രീകരണസ്വഭാവം 'നാഷണൽ ജ്യോഗ്രഫി' എന്ന കവിതയിൽ അവതരിപ്പിക്കുന്നത് എങ്ങനെ?
16. ഉടൽ ആയുധമാക്കുന്ന വർത്തമാനകാല രാഷ്ട്രീയം ചർച്ചചെയ്യുന്ന കവിതയാണ് 'മുള്ളൻപന്നി- വിശദമാക്കുക.
17. കലയും ഗാർഹിക പശ്ചാത്തലവും സമന്വയിക്കുന്ന കവിതയാണ് 'ഗോതമ്പുശിൽപം'-വിവരിക്കുക.

18. 'ഒറ്റയ്ക്കിരിക്കാൻ പഠിച്ചുകഴിഞ്ഞു ഞാൻ' എന്ന കവിത മുന്നോട്ടുവെക്കുന്ന ആശയം ചുരുക്കി പ്രതിപാദിക്കുക.
19. 'വാഴക്കുല' എന്ന കവിത ആധുനികസമൂഹത്തെ ചിത്രീകരിക്കുന്നത് എങ്ങനെ?
20. 'മുൾക്കുരിശ്ശേന്തി മുടന്തുമ്പോഴെന്ന നീ–
ക്രൂദ്ധമൗനത്താൽ വിചാരണ ചെയ്തിടാം' – ആശയമെന്ത്?
21. കുഞ്ഞുണ്ണി കവിതകളുടെ പ്രത്യേകതകൾ എന്തൊക്കെ? ഉദാഹരണസഹിതം വ്യക്തമാക്കുക.

**(6x5 = 30)**

**സി–വിഭാഗം**

**III. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക?**

22. മാംസനിബദ്ധമല്ലാത്ത രാഗമാണ് 'ലീല' എന്ന കവിത മുന്നോട്ടുവെക്കുന്നത് – വിശദമാക്കുക.
23. പുരുഷാധികാരത്തിന് കീഴിലുള്ള സ്ത്രീജീവിതത്തെ മൃഗശിക്ഷകനിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ? – വിശദമാക്കുക.
24. കടമ്മനിട്ടയുടെ 'കോഴി' എന്ന കവിതയുടെ സമകാലികത പരിശോധിക്കുക.
25. ഐതിഹാസിക ജീവിതം നയിച്ച സാധാരണ മനുഷ്യന്റെ പ്രതിനിധിയാണ് 'കുട്ടമ്മാൻ' – സമർത്ഥിക്കുക.

**(2x15 = 30)**

## കോഴ്സ്: ബി.എ/ബി.എസ്.സി. (റഗുലർ), ബി.എസ്.സി. സൈക്കോളജി (സ്വാശ്രയം)
## കോമൺ കോഴ്സ് – മലയാളം

**സെമസ്റ്റർ : മൂന്ന്**
**കോഴ്സിന്റെ പേര് : ദൃശ്യകലാസാഹിത്യം**
**കോഴ്സ് കോഡ് : MA3A05B18**
**പഠനസമയം : 90 മണിക്കൂർ**
**ക്രെഡിറ്റ് : 4**

### പഠനലക്ഷ്യങ്ങൾ

1. കേരളത്തിന്റെ സമ്പന്നമായ ദൃശ്യകലാപാരമ്പര്യത്തെക്കുറിച്ച് കുട്ടികൾക്ക് അറിവ് നൽകുക.
2. സിനിമ പോലെയുള്ള ദൃശ്യകലകളെ പരിചയപ്പെടുത്തുക.

### ഖണ്ഡം ഒന്ന് – സംസ്കൃത നാടകം – 20 മണിക്കൂർ

മലയാളശാകുന്തളം നാലാമങ്കം – എ.ആർ. രാജരാജവർമ്മ
ഊരുഭംഗം – ഭാസൻ – കാവാലം നാരായണപ്പണിക്കരുടെ തർജ്ജമ
(വിഷ്കംഭം കഴിഞ്ഞ് ബലദേവന്റെ സംഭാഷണം മുതൽ അവസാനം വരെ)

### ഖണ്ഡം രണ്ട് – ആട്ടക്കഥ – 15 മണിക്കൂർ

നളചരിതം (ഒന്നാം ദിവസം) – ഉണ്ണായിവാര്യർ (തുടക്കം മുതൽ ഹംസം നളനിലുള്ള പ്രണയം ഉറപ്പിക്കുന്നതു വരെ

### ഖണ്ഡം മൂന്ന് – തുള്ളൽ – 15 മണിക്കൂർ

കല്യാണസൗഗന്ധികം (ശീതങ്കൻ തുള്ളൽ) – കുഞ്ചൻ നമ്പ്യാർ
(തുടക്കം മുതൽ 'ശ്രീ രാമദാസന്റെ വംശേ ജനിക്കയാൽ പാരം നിനക്കു മഹംഭാവമിങ്ങനെ' വരെയുള്ള ഭാഗങ്ങൾ)

### ഖണ്ഡം നാല് – മലയാളനാടകം – 20 മണിക്കൂർ

'1128–ൽ ക്രൈം 27' – സി.ജെ. തോമസ്

### ഖണ്ഡം അഞ്ച് – സിനിമ – 20 മണിക്കൂർ

നിർമ്മാല്യം തിരക്കഥ – എം.ടി. വാസുദേവൻനായർ

### സഹായക ഗ്രന്ഥങ്ങൾ

1. മലയാളനാടകസാഹിത്യചരിത്രം – പ്രൊഫ. ജി. ശങ്കരപ്പിള്ള
2. നാടകപ്രവേശിക – പ്രൊഫ. ഏ.ഡി. ഹരിശർമ്മ
3. പൗരസ്ത്യ നാടകദർശനം – പുത്തൻകാവ് മാത്തൻ തരകൻ
4. മലയാളനാടകപ്രസ്ഥാനം – കാട്ടുമാടം നാരായണൻ
5. കാഴ്ചയുടെ അശാന്തി – വി. രാജകൃഷ്ണൻ
6. മലയാളസിനിമയുടെ കഥ – വി. ജയകൃഷ്ണൻ
7. മലയാള സിനിമാപഠനങ്ങൾ – ഡോ. സി.എസ്. വെങ്കിടേശൻ

| | | |
|---|---|---|
| 8. സിനിമയുടെ ഇടങ്ങൾ | - | സി.വി. ബാലകൃഷ്ണൻ |
| 9. മലയാള സിനിമയും സാഹിത്യവും | - | മധു ഇറവങ്കര |
| 10. കഥയും തിരക്കഥയും | - | ഡോ. ആർ.വി.എം. ദിവാകരൻ |
| 11. തിരക്കഥയുടെ രീതിശാസ്ത്രം | - | ഡോ. ജോസ്. കെ. മാനുവൽ |

**വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ (Competency)**

1. കലാസ്വാദനശേഷി വികസിക്കുന്നു.
2. ദൃശ്യകലാപാരമ്പര്യം പരിചയപ്പെടുന്നു.
3. കലാത്മകസാധ്യതകളേയും സാമൂഹിക പരിവർത്തനസാധ്യതകളേയും വിശകലന-വിമർശനാത്മകമായി പഠിക്കുന്നു.
4. നാടകത്തിലും സിനിമയിലും കാലികമായി സംഭവിച്ച മാറ്റങ്ങൾ തിരിച്ചറിയുന്നു.
5. കലയുടെ വിമർശനാത്മക മൂല്യത്തെ തിരിച്ചറിയുന്നു.
6. അനുകൽപ്പനം എന്ന സങ്കേതം ആഴത്തിൽ മനസ്സിലാക്കുന്നു.

**BLUE PRINT**

**Semester Three –B.A, B. Sc (Regular), B.Sc (Psychology)**

**Course Title : Drisyakalasahithyam**

**Course Code : MA3A05B18**

| Module | Hours | Part A (2 Marks) 10/12 | Part B (5 Marks) 6/9 | Part C (15 Marks) 2/4 | Total Marks |
|---|---|---|---|---|---|
| I | 20 | 2 | 2 | 1 | 29 |
| II | 15 | 2 | 1 | | 9 |
| III | 15 | 2 | 2 | 1 | 29 |
| IV | 20 | 3 | 2 | 1 | 31 |
| V | 20 | 3 | 2 | 1 | 31 |

**മാതൃകാ ചോദ്യപേപ്പർ**
**സെമസ്റ്റർ മൂന്ന്**
**ബി.എ./ ബി.എസ്.സി. (റഗുലർ), ബി.എസ്.സി സൈക്കോളജി (സ്വാശ്രയം) - 2018**
**കോമൺ കോഴ്സ് - മലയാളം**
**MA3A05B18 - ദൃശ്യകലാസാഹിത്യം**

സമയം: 3 മണിക്കൂർ | മാർക്ക് 80

**എ - വിഭാഗം**

**I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും പത്തെണ്ണത്തിന് ഉത്തരം എഴുതുക**

1. "അങ്ങേയ്ക്കും കൂടി അത് വിസ്മയം ജനിപ്പിച്ചല്ലോ" - എന്ത്?
2. "ചെന്തീയെ ശമിയെന്ന പോൽ" പ്രസ്തുതം വിവരിക്കുക.
3. "നെല്ലും പണങ്ങളുമുണ്ടെന്ന് ഉറച്ചിട്ട്
   കല്ലിലും പുല്ലിലും തൂകിത്തുടങ്ങാലോ" - സന്ദർഭം എന്ത്?
4. "മരിച്ചവന്റെ ബന്ധുക്കൾ എല്ലുകിട്ടിയ പട്ടിയെപ്പോലെ കടിപിടി കൂടുന്നതോ" - വിശദീകരിക്കുക.
5. "വെളിച്ചപ്പാടായെ പിന്നെ ഇതിനന്നെ നേരംണ്ടായിട്ട്ള്ളൂ" - ഏതിന്? വിശദമാക്കുക.
6. "പണ്ടുഞാനീവണ്ണമുള്ളോരു വസ്തുവെ
   കണ്ടറിയുന്നീല കാന്ത! ധരിക്കടോ" - ആരുടെ വാക്കുകൾ? വിവരിക്കുക.
7. "കണ്ണിനുപകരം കണ്ണ് എന്ന നിയമം പരിഷ്കൃത മനുഷ്യന്റേതല്ല" - വിശദമാക്കുക.
8. "ശാന്തി മുടങ്ങരുതെന്നേയുള്ളൂ പ്രാർത്ഥന" - ഇപ്രകാരം പറയാനുള്ള കാരണമെന്ത്?
9. "എന്നാലേ ന്യൂസ് വാല്യൂ ഉള്ളൂ" സന്ദർഭമെന്ത്?
10. "ഊഴിതൻ നായകനാം നീ പാഴിലാക്കീലൊല്ലാ ജന്മം" - ആരുടെ വാക്കുകൾ? വിവരിക്കുക.
11. "ആള്വോൾടെ മനസ് എങ്ങന്യാ അറിയ്യാ" - സന്ദർഭമെന്ത്?
12. "കണ്ണുകൾക്കിതു പീയുഷാത്സരികയോ" - വിശദമാക്കുക.

**(10 x 2=20)**

**ബി-വിഭാഗം**

**II. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരം എഴുതുക**

13. ശകുന്തളയ്ക്ക് കാശ്യപൻ നൽകുന്ന ഉപദേശമെന്ത്? വിശദമാക്കുക.
14. പ്രകൃതി ശകുന്തളയെ എങ്ങനെയെല്ലാമാണ് ഒരുക്കുന്നത്?
15. കല്യാണസൗഗന്ധിക പുഷ്പം എന്ന പാഞ്ചാലിയുടെ ആഗ്രഹത്തിന് ഭീമൻ കൊടുക്കുന്ന മറുപടി എന്ത്?
16. നമ്പ്യാർ കൃതികളിലെ ഹാസ്യം 'കല്യാണസൗഗന്ധിക'ത്തെ ആസ്പദമാക്കി വിവരിക്കുക.
17. 'നിർമ്മാലല്യത്തിലെ വൃദ്ധൻ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.
18. ഭൂതകാലത്തിന്റെ സമ്പന്നമായ ഓർമ്മ നിർമ്മാല്യത്തിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ?
19. "മരണം ഒരു ഫലിതമാണ്. പ്രത്യേകിച്ചും അവനവന്റെ മരണം" - ഈ വാക്കുകൾ നാടകത്തിന്റെ ഗതിയെ സ്വാധീനിക്കുന്നുവോ? പരിശോധിക്കുക.
20. 'അരങ്ങ്' എന്ന സങ്കല്പത്തെ 1128-ൽ ക്രൈം 27 എന്ന നാടകം പൊളിച്ചെഴുതുന്നുവോ? വിശദമാക്കുക.
21. ഉണ്ണായിവാര്യരുടെ ഭാഷാപ്രത്യേകതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

**(6x5 = 30)**

**സി-വിഭാഗം**

**III. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക?**

22. 'ഇതിഹാസങ്ങൾ ജീവിതത്തിന്റെ നേർക്കാഴ്ചകളാണ്' - ഊരുഭംഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.
23. കുഞ്ചൻ നമ്പ്യാരുടെ 'ഭാഷാപ്രത്യേകതകൾ' ഉദാഹരണസഹിതം വിശദമാക്കുക.
24. ജീവിതത്തിന്റെ അസംബന്ധാത്മകത '1128-ൽ ക്രൈം 27' എന്ന നാടകത്തിൽ അവതരിപ്പിക്കുന്നത് എങ്ങനെ?
25. 'ദൃശ്യബിംബങ്ങൾ' നിർമ്മാല്യം എന്ന സിനിമയിൽ ഉപയോഗിക്കുന്നത് എങ്ങനെ?

**(2x15 = 30)**

## കോഴ്സ്: ബി.എ/ബി.എസ്.സി. (റഗുലർ), ബി.എസ്.സി. സൈക്കോളജി (സ്വാശ്രയം)
## കോമൺ കോഴ്സ് - മലയാളം

**സെമസ്റ്റർ** : നാല്
**കോഴ്സിന്റെ പേര്** : മലയാള ഗദ്യരചനകൾ
**കോഴ്സ് കോഡ്** : MA4A06B18
**പഠനസമയം** : 90 മണിക്കൂർ
**ക്രെഡിറ്റ്** : 4

**പഠനലക്ഷ്യങ്ങൾ**

മലയാള ഗദ്യത്തിന്റെ ശക്തിയും സാധ്യതയും മനസ്സിലാക്കാൻ പര്യാപ്തമായ ലേഖനങ്ങളാണ് ഇവിടെ പഠനവിഷയം. ഒപ്പം ഓർമ്മക്കുറിപ്പുകളിലൂടെ എഴുത്തുകാരനെയും എഴുത്തുകാരനെ രൂപപ്പെടുത്തിയ സമൂഹത്തെയും തിരിച്ചറിയുന്നത് എങ്ങനെയെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

**ഖണ്ഡം ഒന്ന് - 15 മണിക്കൂർ**

1. കാളിദാസനും കാലത്തിന്റെ ദാസൻ - ജോസഫ് മുണ്ടശ്ശേരി
2. മാതൃഭാഷയിലേക്കു വീണ്ടും - എൻ.വി. കൃഷ്ണവാര്യർ
3. ഭൂമിയിൽ ഏകാന്തതയ്ക്കു മാത്രമായി ഒരിടമില്ല - സിയാറ്റിൽ മൂപ്പൻ

**ഖണ്ഡം രണ്ട് - 20 മണിക്കൂർ**

1. വാക്കുകളുടെ വിസ്മയം - എം.ടി. വാസുദേവൻനായർ
2. മാറുന്ന മലയാള സംസാരഭാഷ - ടി.ബി. വേണുഗോപാലപ്പണിക്കർ
3. നമ്മുടെ അടുക്കള തിരിച്ചുപിടിക്കുക - സാറാ ജോസഫ്
4. മലയാളിയുടെ രാത്രികൾ - കെ.സി. നാരായണൻ

**ഖണ്ഡം മൂന്ന് - 15 മണിക്കൂർ**

1. ചെമ്പൈ വൈദ്യനാഥ ഭാഗവതർ സംഗീതത്തിലെ സിംഹനാദം - ഇന്ദിരാമേനോൻ
2. ഈശ്വരപിള്ളയെ ആരോർക്കുന്നു - പി.കെ. രാജശേഖരൻ
3. രവിവർമ്മ - വിജയകുമാർ മേനോൻ

**ഖണ്ഡം നാല് - 15 മണിക്കൂർ**

1. പ്രകാശത്തിന്റെ ആയിരം തടവറകൾ - ജീവൻ ജോബ് തോമസ്
2. ജനാധിപത്യ വിദ്യാഭ്യാസം ചില ചിന്തകൾ - ഡോ. കെ.എൻ. പണിക്കർ

**ഖണ്ഡം അഞ്ച് - 25 മണിക്കൂർ**

1. പച്ചവിരൽ - ദയാബായി (ഡി.സി. ബുക്സ്, കോട്ടയം, 2015)

**സഹായകഗ്രന്ഥങ്ങൾ**

1. ഇരുൾ വീഴും മുമ്പെ - ഡോ. കെ.എം. പണിക്കർ
2. മലയാളിയുടെ രാത്രികൾ - കെ.സി. നാരായണൻ
3. ചെമ്പൈ വൈദ്യനാഥ ഭാഗവതർ - ഇന്ദിരാമേനോൻ
4. ബുക്ക് സ്റ്റാൾജിയ - പി.കെ. രാജശേഖരൻ
5. ഭാരതീയ കലാചരിത്രം - ശ്രീ. വിജയകുമാർ മേനോൻ
6. മുണ്ടശ്ശേരി സമ്പൂർണ്ണകൃതികൾ

**വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ (Competency)**

1. വിനിമയശേഷിയുള്ള ഭാഷ സ്വായത്തമാക്കുന്നു.
2. ആശയം സംഗ്രഹിക്കാൻ വിദ്യാർത്ഥികൾ പഠിക്കുന്നു.
3. പുതിയ ഗദ്യരൂപങ്ങൾ പരിചയപ്പെടുന്നു.
4. ആത്മകഥ, ജീവചരിത്രം ഇവയുടെ പഠനത്തിലൂടെ വ്യക്തിത്വവികാസം നേടുന്നു.
5. ഭാഷയുടെ ആത്മപ്രകാശനശേഷി വിദ്യാർത്ഥികൾ സ്വായത്തമാക്കുന്നു.

**BLUE PRINT**

**Semester Four –B.A, B. Sc (Regular), B.Sc (Psychology)**

**Course Title : Malayala Gadhyarachanakal**

**Course Code : MA4A06B18**

| Module | Hours | Part A (2 Marks) 10/12 | Part B (5 Marks) 6/9 | Part C (15 Marks) 2/4 | Total Marks |
|---|---|---|---|---|---|
| I | 15 | 2 | 2 | 1 | 29 |
| II | 20 | 3 | 2 | | 16 |
| III | 15 | 2 | 2 | 1 | 29 |
| IV | 15 | 1 | 1 | 1 | 22 |
| V | 25 | 4 | 2 | 1 | 33 |

# മാതൃകാ ചോദ്യപേപ്പർ
## സെമസ്റ്റർ നാല്
## ബി.എ./ ബി.എസ്.സി. (റഗുലർ), ബി.എസ്.സി സൈക്കോളജി (സ്വാശ്രയം) - 2018
## കോമൺ കോഴ്സ് - മലയാളം
## MA4A06B18 - മലയാള ഗദ്യരചനകൾ

സമയം: 3 മണിക്കൂർ　　　　　　　　　　　　　　　മാർക്ക് 80

### എ - വിഭാഗം

**I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും പത്തെണ്ണത്തിന് ഉത്തരം എഴുതുക**

1. 'അത്രമാത്രമാണ് ഈ മണ്ണ് ഞങ്ങളുടെ വർഗ്ഗത്തിന്റെ ജീവൻകൊണ്ട് സമ്പന്നമാക്കപ്പെട്ടിട്ടുള്ളത്. ഈ പ്രസ്താവനയുടെ സാംഗത്യമെന്ത്?
2. 'അനിവാര്യമെന്നു തോന്നിയ ഈ വിപത്തിനെതിരെ അവർ പ്രവൃത്തിരംഗത്തിൽ ഇറങ്ങിയിരിക്കുന്നു. ആര്? എന്താണ് വിപത്ത്?
3. 'മലയാളസംസാരഭാഷയിലെ മാറ്റങ്ങളെ ടി.ബി. വേണുഗോപാലപ്പണിക്കർ അവലോകനം ചെയ്യുന്നതെങ്ങനെ?
4. നമ്മുടെ ഉപഭോഗസംസ്ക്കാരത്തിൽ വന്ന പരിവർത്തനങ്ങൾ സാറാ ജോസഫ് ചൂണ്ടിക്കാണിക്കുന്നതെങ്ങനെ?
5. ബ്രിട്ടീഷ് ഭരണകാലത്തെ ആസ്പദമാക്കി ഭാരതീയകലാചരിത്രത്തെ മൂന്ന് ഘട്ടങ്ങളിലായി തിരിക്കാം- ഏതൊക്കെ ?
6. “ചെമ്പൈയുടെ ഏറ്റവും വലിയ സിദ്ധി അദ്ദേഹത്തിന്റെ ശബ്ദമായിരുന്നു. അത് സിംഹനാദമായിരുന്നു.” വിവരിക്കുക?
7. 'കഥകളിയിലെ കത്തിവേഷം' - ചുരുക്കി എഴുതുക ?
8. 'ജനാധിപത്യവിദ്യാഭ്യാസത്തിന്റെ സവിശേഷതകളേവ?
9. 'ഇന്ത്യൻ ദേശീയതയുടെ ഈ ഐക്യബോധം കൂടുതൽ വ്യക്തമായത് കേരളത്തിലേക്കുള്ള ഒരു ട്രെയിൻ
യാത്രയിലാണ് - വിശദമാക്കുക?
10. “അതു മനസ്സിലാക്കാൻ നമുക്ക് മനസ്സിന്റെ വാതായനങ്ങൾ തുറന്നിടാം”. പരാമർശമെന്ത്?
11. 'ആ സംഭവത്തിനുശേഷം കളക്ട്രേറ്റിൽ ചെല്ലുവാൻ കൊത്ത്‌വാർ വന്നറിയിച്ചു' - സംഭവം ഏത്?
12. 'തൊഴിൽ നിയമങ്ങളുടെ വ്യാപകമായ ലംഘനമാണ് കമ്മീഷന് കണ്ടെത്താൻ കഴിഞ്ഞത്' -വിവരിക്കുക.

(10x2=20)

### ബി - വിഭാഗം

**II ഒന്നരപ്പുറത്തിൽ കവിയാതെ (150 വാക്ക്) ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. 'മൊഹാക് ഭാഷയുടെ സവിശേഷതകളായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നതെന്തെല്ലാം ?
14. 'പുതിയ പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിൽ ചെമ്പൈയ്ക്ക് വിശേഷസിദ്ധി ഉണ്ടായിരുന്നു. ഉദാഹരണസഹിതം എഴുതുക?
15. കേരളത്തിന്റെ പശ്ചാത്തലത്തിലും രവിവർമ്മയെ വീക്ഷിക്കേണ്ടതുണ്ട്- ചുരുക്കി പ്രതിപാദിക്കുക?
16. 'അടുക്കള' തിരിച്ചുപിടിക്കേണ്ടതിന്റെ ആവശ്യകത സാറാജോസഫ് സൂചിപ്പിക്കുന്നതെങ്ങനെ?
17. 'സി.വി.രാമൻപിള്ളയുടെ സംഭാവനകളെ കെ.സി.നാരായണൻ അടയാളപ്പെടുത്തുന്നതെങ്ങനെ?

18. 'ചുവന്ന മനുഷ്യർ മൃതമായിക്കഴിഞ്ഞും,അദൃശ്യരായ എന്റെ മൃതജനങ്ങളെക്കൊണ്ട് ഈ തീരങ്ങൾ നിറഞ്ഞിരിക്കും"ആരുടെ വാക്കുകൾ ? വിവരിക്കുക?
19. രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസരീതി ഇന്ത്യയിൽ നിലനിൽക്കുന്നു. ഈ അഭിപ്രായം -വിലയിരുത്തുക ?
20. ദയാബായിയുടെ ട്രെയിൻ യാത്രയിലെ അനുഭവങ്ങൾ ചുരുക്കി പ്രതിപാദിക്കുക.
21. പരിസ്ഥിതിയോടുള്ള ദയാബായിയുടെ മനോഭാവം വിശദമാക്കുക.

(6x5=30)

### സി - വിഭാഗം

**II നാലുപുറത്തിൽ (400 വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്ക് വീതം**

22. "കാളിദാസനും കാലത്തിന്റെ ദാസൻ"-ജോസഫ്മുണ്ടശ്ശേരിയുടെ അഭിപ്രായം വിലയിരുത്തുക.
23. "മലയാളത്തിലെ പ്രസാധനവ്യവസായത്തിന്റെ പിതൃത്വം ഈശ്വരപ്പിള്ളയിൽ അർപ്പിക്കുന്നതിൽ തെറ്റില്ല"- ഈ അഭിപ്രായം പരിശോധിക്കുക ?
24. 'പച്ചവിരൽ' ദയാബായി എന്ന വ്യക്തിയെ എങ്ങനെ അടയാളപ്പെടുത്തുന്നു ?
25. 'പ്രകാശത്തിന്റെ ആയിരം തടവറകൾ 'എന്ന ലേഖനം പ്രസക്തമാകുന്നത് എങ്ങനെ?

(2x15=30)

## കോഴ്സ് : ബികോം. (റഗുലർ, സ്വാശ്രയം)
## കോമൺ കോഴ്സ് - മലയാളം

| | |
|---|---|
| **സെമസ്റ്റർ** | **: ഒന്ന്** |
| **കോഴ്സിന്റെ പേര്** | **: കഥയും കവിതയും** |
| **കോഴ്സ് കോഡ്** | **: MA1A02B18** |
| **പഠനസമയം** | **: 72 മണിക്കൂർ** |
| **ക്രെഡിറ്റ്** | **: 4** |

**പഠനലക്ഷ്യങ്ങൾ**

1. സാമാന്യമായ സാഹിത്യപരിചയവും വായനാഭിരുചിയും ആസ്വാദനശേഷിയും വളർത്തിയെടുക്കുക.
2. മലയാള കഥാസാഹിത്യത്തിൽ സംഭവിക്കുന്ന ഭാവുകത്വ പരിണാമങ്ങൾ തിരിച്ചറിയുക.
3. കാലഘട്ടത്തിന്റെ പൊതുപ്രവണതകളും ഉദാത്തമായ ജീവിതവീക്ഷണവും എഴുത്തിൽ പ്രകടമാവുന്നത് അനുഭവിച്ചറിയുക.

കാലികപ്രസക്തിയുള്ള പതിനൊന്ന് ചെറുകഥകളും പത്തു കവിതകളുമാണ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഖണ്ഡം ഒന്ന് - 12 മണിക്കൂർ**

1. ഇറ്റാർസിലേക്ക് തിരികെ പോകുന്ന വണ്ടി - ഉറൂബ്
2. കാറ്റുപറഞ്ഞ കഥ - ഒ.വി. വിജയൻ
3. ദൽഹി 1981 - എം. മുകുന്ദൻ

**ഖണ്ഡം രണ്ട് - 20 മണിക്കൂർ**

1. ചിദംബരം - സി.വി. ശ്രീരാമൻ
2. മറുപിറവി - എൻ. പ്രഭാകരൻ
3. തൽപം - സുഭാഷ് ചന്ദ്രൻ
4. തീച്ചാമുണ്ഡി - ഗ്രേസി
5. ക്ലിനിക്കലി എക്സ്പയേർഡ് - സി.എസ്. ചന്ദ്രിക
6. കടിക്കുന്ന അമ്മച്ചിയും കൊച്ചുമകൾ ആൻസിയും - അയ്മനം ജോൺ
7. ചേക്ക - ഇ. സന്തോഷ്കുമാർ
8. അടുക്കള - ടി.വി. കൊച്ചുബാവ

**ഖണ്ഡം മൂന്ന് - 15 മണിക്കൂർ**

1. മൈനാകശൃംഗം - ഇടശ്ശേരി
2. കടുക്ക - അയ്യപ്പപ്പണിക്കർ
3. പാടുന്ന പിശാചിന് - വിനയചന്ദ്രൻ

**ഖണ്ഡം നാല് - 15 മണിക്കൂർ**

1. വിളക്കു കൊളുത്തൂ വിളക്കു കൊളുത്തൂ - സാവിത്രി രാജീവൻ
2. ഇഷ്ടമുടിക്കായൽ - കുരീപ്പുഴ
3. വേനലിൽ ഒരു പുഴ - റോസ് മേരി

**ഖണ്ഡം അഞ്ച് - 10 മണിക്കൂർ**

1. കൈക്കലത്തുണികൾ - വിജില ചിറപ്പാട്
2. നായ കടിക്കും സൂക്ഷിക്കുക - കൽപറ്റ നാരായണൻ
3. തോരാമഴ - റഫീക്ക് അഹമ്മദ്
4. ലൈബ്രേറിയൻ മരിച്ചതിൽ പിന്നെ - പി.പി. രാമചന്ദ്രൻ

**സഹായക ഗ്രന്ഥങ്ങൾ:**

1. മലയാള ചെറുകഥാസാഹിത്യചരിത്രം - ഡോ. എം.എം. ബഷീർ
2. ചെറുകഥ ഇന്നലെ, ഇന്ന് - പ്രൊഫ. എം. അച്യുതൻ
3. കഥ, ആഖ്യാനവും അനുഭവസത്തയും - കെ.പി. അപ്പൻ
4. കഥയുടെ കഥ - കെ.എസ്. രവികുമാർ
5. 100 വർഷം, 100 കഥ - കെ.എസ്. രവികുമാർ
6. കഥയും ഭാവുകത്വപരിണാമവും - കെ.എസ്. രവികുമാർ
7. ചെറുകഥാ സാഹിത്യം - എം.പി. പോൾ
8. ആധുനികത മലയാളകവിതയിൽ - ഡോ.എൻ. അജയകുമാർ
9. പുതുകാലം പുതുകവിത - ദേവേശൻ പേരൂർ
10. മീനത്തിന്റെ മുഴക്കങ്ങൾ - എൻ. പ്രഭാകരൻ
11. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള
12. പെണ്ണെഴുതുന്ന ജീവിതം - എൻ.കെ. രവീന്ദ്രൻ

**വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ (Competency)**

1. ആസ്വാദനശേഷി വളരുന്നു.
2. വിശകലനപ്രാപ്തി വർദ്ധിക്കുന്നു
3. സാമൂഹികാവബോധം ഉണ്ടാകുന്നു
4. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകശേഷി വികസിക്കുന്നു.
5. ഓരോ കാലഘട്ടത്തിലുള്ള സാഹിത്യരചനകളെ മുൻനിർത്തി സാഹിത്യവും സാമൂഹ്യരൂപീകരണവും തമ്മിലുള്ള പാരസ്പര്യത്തെ അറിയുന്നു.
6. സൗന്ദര്യാത്മകചിന്ത വളരുന്നു.
7. വിവിധ കാവ്യശൈലിയുമായി പരിചയപ്പെടുന്നു.
8. സാമൂഹിക മുന്നേറ്റങ്ങളിൽ കവിതയും കഥയും വഹിച്ച പങ്ക് തിരിച്ചറിയുന്നു.

## BLUE PRINT

### First Semester –B.Com (Regular & Self Financing)

### Course Title : Kathayum Kavithayum

### Course Code : MA1A02B18

| Module | Hours | Part A (2 Marks) 10/12 | Part B (5 Marks) 6/9 | Part C (15 Marks) 2/4 | Total Marks |
|---|---|---|---|---|---|
| I | 12 | 3 | 2 | 1 | 31 |
| II | 20 | 3 | 2 | 1 | 31 |
| III | 15 | 2 | 2 | | 14 |
| IV | 15 | 2 | 1 | 1 | 24 |
| V | 10 | 2 | 2 | 1 | 29 |

## മാതൃകാ ചോദ്യപേപ്പർ
## ഒന്നാം സെമസ്റ്റർ ബി.കോം (റഗുലർ, സ്വാശ്രയം) - 2018
## കോമൺ കോഴ്സ് - മലയാളം
## MA1A02B18 - കഥയും കവിതയും

സമയം: 3 മണിക്കൂർ | മാർക്ക് 80

### എ - വിഭാഗം

**I അരപ്പുറത്തിൽ (50 വാക്ക്) കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം.**

1. ‘മറുപിറവിയിൽ പോയ ജന്മത്തിൽ കുമാരൻ കുരുടനായതെങ്ങനെ?
2. ‘അഴിച്ചിട്ട പിംഗളകേശമോ
   രൂപമോ മണമോ നിറമോ ഇല്ലാതെ’ എന്ന് കവി ആരെയാണ് വിശേഷിപ്പിക്കുന്നത്?
3. ‘കുട്ടികൾ മുതിർന്നവരിൽ നിന്ന്-പ്രത്യേകിച്ച് ഒരു ഡോക്ടറിൽ നിന്ന്- അറിവുകേട് പ്രതീക്ഷിക്കുന്നില്ല! എന്തായിരുന്നു അറിവ്കേട് ?
4. ‘ദുരവസ്ഥക്കവിയെ നീയൊടുക്കം കണ്ടു
   ഗുരുവിന്റെ അരുൾപ്പൂക്കും വരക്കും കണ്ടു’
   - പരാമർശിക്കപ്പെടുന്ന വ്യക്തികൾ ആരെല്ലാം?
5. ‘വില്ലൊടിഞ്ഞൊന്നു ചിണുങ്ങിടാറുള്ളൊരാ
   പുള്ളിക്കുട ചെന്നെടുത്തുപാഞ്ഞു’ - ആര്? സന്ദർഭമെഴുതുക?
6. എം. മുകുന്ദന്റെ കഥയിൽ രഘുവീർ, നാനക്ചന്ദ് എന്നീ കഥാപാത്രങ്ങളുടെ ജീവിത പശ്ചാത്തലം എന്താണ്?
7. ‘നിങ്ങൾക്ക് കുറച്ചുകാലം കൂടി ജീവിക്കാം. ഞാൻ പറയുന്നത് അനുസരിക്കാമെങ്കിൽ’ ആര് ആരോടാണിങ്ങനെ പറഞ്ഞത്?
8. ‘ഇലകൊഴിയുന്ന കാലം സാരമില്ല; വീണ്ടും തളിരുകൾ നിറയെ മുളച്ചു പൊന്തുമെന്ന് എനിക്കറിയാം’ - സന്ദർഭം വിശദമാക്കുക.
9. “എത്ര മൃദുലമായിരുന്നെന്നോ
   അവയുടെ പഴയകാലം”- വിശദമാക്കുക?
10. ‘ദുഷ്ടാ എന്നൊന്ന് മനംനൊന്ത് പിറുപിറുക്കണമെങ്കിൽ വരെ സ്ത്രീകൾക്ക് രഹസ്യമായ ഒരേകാന്തത ആവശ്യമുണ്ട്’- എന്ന വരിയിൽ സൂചിതമാവുന്ന ജീവിതാവസ്ഥ എന്ത്?
11. ‘അതിപ്പോ പുതിയ സൂക്കേടൊന്നുമല്ലല്ലോ
    നിന്റപ്പൻ ചത്ത് കൊറേക്കഴിഞ്ഞപ്പോ തൊടങ്ങീതല്ലേ’- ആരെക്കുറിച്ചാണീ പരാമർശം?
12. അയ്മനം ജോണിന്റെ കഥയിൽ കടിക്കുന്ന അമ്മച്ചിക്ക് ആ പേര് ലഭിച്ചതെങ്ങനെ?

(10x2=20)

### ബി - വിഭാഗം

**II ഒന്നരപ്പുറത്തിൽ കവിയാതെ (150 വാക്ക്) ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം**

13. ‘കടുക്ക’ എന്ന കവിതയിലെ ഹാസ്യത്തിന്റെ സ്വഭാവം വിശദീകരിക്കുക.
14. ‘പാടുന്ന പിശാചിന്’ എന്ന കവിതയിൽ കവി സൃഷ്ടിച്ച തിന്മയുടെ ബിംബങ്ങൾ ഏതെല്ലാമാണ്?
15. പ്രകൃതിയാണ് ‘കാറ്റു പറഞ്ഞ കഥ’യിലെ പ്രധാന കഥാപാത്രം- വിമർശിക്കുക.
16. ‘അടുക്കള’ എന്ന രചന സ്ത്രീജീവിതത്തിന്റെ യാഥാർത്ഥ്യത്തെ ആഖ്യാനം ചെയ്യുന്നതെങ്ങനെ?
17. ‘മറുപിറവി’ യിൽ കരുണൻ പോയ ജന്മത്തെക്കുറിച്ച് പറഞ്ഞ കഥയെന്താണ്?
18. ‘വേനലിൽ ഒരു പുഴ’ എന്ന കവിതയ്ക്ക് ഒരാസ്വാദനം എഴുതുക?

19. സ്ത്രീജീവിതത്തെ ചൂഷണം ചെയ്യുന്നതിന്റെ ഭിന്നതലങ്ങൾ 'തൽപ്പം' എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക?
20. മകൾ നഷ്ടമായ അമ്മയുടെ ദുഃഖത്തെ 'തോരാമഴ' എങ്ങനെയാണ് ആവിഷ്കരിച്ചിരിക്കുന്നത്?
21. 'ക്ലിനിക്കലി എക്സ്പയേർഡ്' എന്ന കഥയുടെ ആഖ്യാന സവിശേഷതകൾ പ്രതിപാദിക്കുക.

(6x5=30)

## സി - വിഭാഗം

**III നാലുപുറത്തിൽ (400 വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും പതിനഞ്ചുമാർക്ക് വീതം**

22. പ്രമേയം, ഭാഷ, ആഖ്യാനം എന്നിവയിൽ പുതുകവിത പ്രകടമാക്കുന്ന സവിശേഷതകളെ 'കൈക്കലത്തുണികൾ' 'ശിലകളെ പൂവുകളാക്കുവാൻ', 'വിളക്ക് കൊളുത്തൂ... വിളക്ക് കൊളുത്തൂ' എന്നീ രചനകളെ മുൻനിർത്തി വിശദമാക്കുക.
23. 'അടുക്കള,' 'തൽപ്പം', 'ദൽഹി 1981' എന്നിവ സ്ത്രീജിവിതത്തെ ഭിന്നരീതിയിൽ ആഖ്യാനം ചെയ്യുന്ന രചനകളാണ്- സമർത്ഥിക്കുക.
24. 'ഇറ്റാർസിയിലേക്കു തിരികെ പോകുന്ന വണ്ടി', 'കാറ്റു പറഞ്ഞ കഥ' ചിദംബരം എന്നീ കഥകളിൽ മനുഷ്യജീവിതത്തിന്റെ നിസ്സഹായതയോ യാദൃച്ഛികതകളോ ആണ് വിഷയമാവുന്നത് - പര്യാലോചിക്കുക.
25. മനുഷ്യന്റെ അഹംഭാവത്തെ നിശിതമായി വിമർശിക്കുന്ന രചനയാണ് 'നായകടിക്കും, സൂക്ഷിക്കുക' - ചർച്ച ചെയ്യുക.

(2x15=30)

## കോഴ്സ് : ബികോം. (റഗുലർ, സ്വാശ്രയം)
## കോമൺ കോഴ്സ് – മലയാളം

| | |
|---|---|
| **സെമസ്റ്റർ** | **: രണ്ട്** |
| **കോഴ്സിന്റെ പേര്** | **: ആത്മകഥ, ലേഖനം** |
| **കോഴ്സ് കോഡ്** | **: MA2A04B18** |
| **പഠനസമയം** | **: 72 മണിക്കൂർ** |
| **ക്രെഡിറ്റ്** | **: 4** |

**പഠനലക്ഷ്യങ്ങൾ**

മലയാള ഗദ്യത്തിന്റെ സൗന്ദര്യവും ശക്തിയും തിരിച്ചറിയാൻ കഴിയും വിധമുള്ള ലേഖനങ്ങളാണ് ഈ സെമസ്റ്ററിലെ പഠനവിഷയം. വ്യത്യസ്ത മേഖലകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പല വിഷയങ്ങളെയും മാതൃഭാഷയിൽ സമീപിക്കുവാൻ കഴിയുമെന്ന ബോധ്യം ഇതുവഴി ലഭ്യമാക്കാനാകും.

**ഖണ്ഡം ഒന്ന് – 20 മണിക്കൂർ**

1. ഉത്തുംഗ സ്നേഹഗോപുരം – കൽപറ്റ നാരായണൻ
2. എതിർവാക്കുകൾ – ശാരദക്കുട്ടി
3. മഹാനടൻ – ചിദംബരസ്മരണ – ബാലചന്ദ്രൻ ചുള്ളിക്കാട്
4. അനുജന്റെ ഭാര്യ – ലളിതാംബിക അന്തർജ്ജനം

**ഖണ്ഡം രണ്ട് – 15 മണിക്കൂർ**

1. ഇന്ത്യയിലെ സ്വത്വബോധവും ഭാഷാ മനോഭാവവും – പി.എം. ഗിരീഷ്
2. അരങ്ങിലുയരുന്ന സ്ത്രീശബ്ദങ്ങൾ – സജിത മഠത്തിൽ
3. സാധുജന പരിപാലനസംഘവും പുലയമഹാസഭയും – പി. ഗോവിന്ദപ്പിള്ള

**ഖണ്ഡം മൂന്ന് – 12 മണിക്കൂർ**

1. നിവേദനങ്ങൾ, കത്തിടപാടുകൾ (യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം)

**ഖണ്ഡം നാല്– ആത്മകഥ – 25 മണിക്കൂർ**

1. കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം – പൊക്കുടൻ

**സഹായകഗ്രന്ഥങ്ങൾ**

1. എഴുത്തോല – എം.ജി. യൂണിവേഴ്സിറ്റി
2. ആത്മകഥാസാഹിത്യചരിത്രം – ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ
3. മലയാളത്തിലെ സ്ത്രീനാടകചരിത്രം – സജിത മഠത്തിൽ
4. ആത്മകഥയ്ക്ക് ഒരാമുഖം – ലളിതാംബിക അന്തർജ്ജനം
5. ചിദംബര സ്മരണ – ബാലചന്ദ്രൻ ചുള്ളിക്കാട്

**വിദ്യാർത്ഥികളിൽ ഉൽപാദിതമാകുന്ന നൈപുണികൾ:**

1. വിനിമയശേഷിയ്ക്കുള്ള ഭാഷ സ്വായത്തമാക്കുന്നു.
2. പുതിയ ഗദ്യരൂപങ്ങൾ പരിചയപ്പെടുന്നു.
3. ആത്മകഥാ പഠനത്തിലൂടെ വ്യക്തിത്വവികാസം നേടുന്നു.
4. ഭാഷയുടെ ആത്മപ്രകാശനശേഷി വിദ്യാർത്ഥികൾ സ്വായത്തമാക്കുന്നു.

**BLUE PRINT**

**Second Semester –B.Com. (Regular & Self Financing)**

**Course Title : Athmakatha, Lekhanam**

**Course Code : MA2A04B18**

| Module | Hours | Part A (2 Marks) 10/12 | Part B (5 Marks) 6/9 | Part C (15 Marks) 2/4 | Total Marks |
|---|---|---|---|---|---|
| I | 20 | 4 | 2 | 1 | 33 |
| II | 15 | 3 | 2 | 1 | 31 |
| III | 12 | 1 | 2 | 1 | 27 |
| IV | 25 | 4 | 3 | 1 | 38 |

**മാതൃകാ ചോദ്യപേപ്പർ**
**രണ്ടാം സെമസ്റ്റർ ബി.കോം (റഗുലർ, സ്വാശ്രയം) - 2018**
**കോമൺ കോഴ്സ് - മലയാളം**
**MA2A04B18 - ആത്മകഥ, ലേഖനം**

സമയം: 3 മണിക്കൂർ — മാർക്ക് 80

**എ - വിഭാഗം**

**I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും പത്തെണ്ണത്തിന് ഉത്തരം എഴുതുക**

1. മാർക്സ് സ്വപ്നം കണ്ട 'ഉത്തുംഗ സ്നേഹഗോപുരം' എന്തായിരുന്നു?
2. 'വിരുദ്ധത്തെയും ഉൾക്കൊള്ളുന്ന ഭാഷയാണ് വിരുദ്ധോക്തി' - വിശദമാക്കുക.
3. 'എങ്കിലും കലാപത്തിന്റെയും കലഹത്തിന്റെയും ഒരു ജീവൻ അവിടെ വളരുകയാണ്'-വിവരിക്കുക.
4. 'അപ്രതീക്ഷിതമായ ഒരു അത്ഭുതമാണ് സംഭവിച്ചത്' - എന്തായിരുന്നു സംഭവം.
5. ഭാഷയും സ്വത്വവും - വിശദമാക്കുക.
6. സ്ത്രീ നാടകവേദിയുടെ രണ്ടാംഘട്ടം വിവരിക്കുക.
7. പണ്ഡിറ്റ് കറുപ്പൻ - കുറിപ്പെഴുതുക.
8. കത്ത് എത്ര വിധം? ഏതെല്ലാം?
9. 'അപൂർണ്ണമായ ആ കുറിപ്പുകളിൽ അവൻ അച്ഛനെ അന്വേഷിക്കുന്നതാകാം' - സന്ദർഭമെന്ത്?
10. ഭക്ഷണത്തെ കുറിച്ചുള്ള കല്ലേൻ പൊക്കുടന്റെ അനുഭവം വിശദമാക്കുക.
11. 'പേരുകൾ ജന്മിമാർക്ക് തോന്നുംപോലെ വിളിച്ചു' - വിവരിക്കുക.
12. 'പഥികൻ' - പൊക്കുടന്റെ നിരീക്ഷണം എന്ത്?

**(10 x 2=20)**

**ബി-വിഭാഗം**

**II. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരം എഴുതുക**

13. ഊർമ്മിളയെക്കുറിച്ചുള്ള ലളിതാംബിക അന്തർജ്ജനത്തിന്റെ ചിന്തകൾ സംഗ്രഹിക്കുക.
14. നൈരാശ്യങ്ങൾ സ്ത്രീയെ എങ്ങനെയെല്ലാം കഠിനയാക്കുന്നു - വിശദമാക്കുക.
15. ഇൻഡ്യയിലെ സ്വത്വബോധങ്ങൾ വിവരിക്കുക.
16. അരങ്ങിലുണർന്ന സ്ത്രീശബ്ദങ്ങൾ ഏതെല്ലാം?
17. അയ്യങ്കാളിയുടെ സേവനങ്ങൾ വിശദമാക്കുക.
18. പൊതുനിവേദനത്തിന്റെ ഘടന എന്ത്?
19. കണ്ടൽ വർഗ്ഗസസ്യങ്ങളെക്കുറിച്ച് വിവരിക്കുക.
20. പ്രകൃതി ജീവനത്തെക്കുറിച്ച് പൊക്കുടന്റെ നിരീക്ഷണങ്ങൾ എന്തെല്ലാം.
21. 'കേരളത്തിൽ ഇന്നും ജാതിവ്യവസ്ഥ വലിയൊരളവോളം വർഗ്ഗ വ്യത്യാസത്തെക്കൂടി പ്രതിഫലിപ്പിക്കുന്നുണ്ട്' - വിശദമാക്കുക.

**(6x5 = 30)**

**സി-വിഭാഗം**

**III. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക?**

22. 'സാമൂഹിക ജീവിതത്തിന്റെ അതിരുകളിൽ കഴിയേണ്ടി വന്ന ഒരു ജനവിഭാഗത്തിന്റെ പ്രതിനിധി യാണ് പൊക്കുടൻ' - പരിശോധിക്കുക.

23. പുറമ്പോക്ക് താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാകളക്ടർക്ക് നൽകേണ്ട നിവേദനം തയ്യാറാക്കുക.
24. സാമൂഹിക പരിവർത്തനത്തിൽ സ്വാതന്ത്ര്യാനന്തര സംഘടനകളുടെ പ്രാധാന്യമെന്ത്?
25. തിരശ്ശീലയ്ക്ക് പിന്നിലിരുന്ന് കർത്തവ്യം ചെയ്യുന്ന സ്ത്രീകളെക്കുറിച്ച് ലളിതാംബിക അന്തർജ്ജനത്തിന്റെ നിരീക്ഷണങ്ങൾ എന്തെല്ലാം?

**(2x15 = 30)**